മിസ്റ്റർ കെ. പി. വള്ളോൻ.—സാധുക്കളായ അധഃകൃതവർഗ്ഗക്കാക്ക് ഉച്ചഭക്ഷണം ഭക്ഷണമായിട്ട കൊടുത്തുകൊണ്ടിരുന്നത് ഇപ്പോൾ സംഖ്യയായിട്ട് കൊടുക്കുന്നുണ്ട്. അതു മൂന്നു നാലു മാസം കൂടുമ്പോൾ ഒരു ദിവസം മാത്രമേ കൊടുത്തുകാണുന്നുള്ളു. അതു പാടെ മാറ്റിയിട്ട് മാസാമാസം കൊടുക്കുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ ഐ. എൻ. മേനോൻ.—അതു വേണ്ടപോലെ ചെയ്യുന്നതിനു് അധഃകൃതരുടെ സംരക്ഷകനോടു പറഞ്ഞു ശരിപ്പെടുത്താം.

Stipend—Depressed Class-girls.

422. മിസ്റ്റർ കെ. പി. വള്ളോൻ.—എറണാകുളം അഞ്ചലാശേരണത്തിൽ പഠിയ്ക്കുന്ന അധഃകൃതവിദ്യാർത്ഥികൾക്ക് സ്റ്റൈപ്പൻഡായി കൊടുത്തുവരുന്ന മൂന്നുറുപ്പിക, അഞ്ഞുറുപ്പിക ആക്കിത്തീർക്കുവാൻ ബഹുമാനപ്പെട്ട ശവമ്മെൻറ് ആലോചിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്?

മിസ്റ്റർ ഐ. എൻ. മേനോൻ—ഇല്ല. അതിനുള്ള ആവശ്യം നേരിട്ടിട്ടില്ല.

Work—Depressed Classes.

423 മിസ്റ്റർ കെ. പി. വള്ളോൻ.—ഈ രാജ്യത്തെ തൊഴിലാളികൾ അധികവും അധഃകൃതരാകയാൽ തോട്ടവെട്ട്, മൺപണി, മുതലായ കണ്ടാക്ട് അധഃകൃതർക്കു കൊടുക്കാതിരിയ്ക്കുന്നതിനു് കാരണമെന്ത്?

മിസ്റ്റർ ഐ. എൻ. മേനോൻ.—അധഃകൃതർ തോട്ടവെട്ട്, മൺപണി മുതലായവയ്ക്കു തന്നെയല്ലാ മറെറന്തു പണികൾക്കും ശരിയായ ടർഘാസ്സ് കൊടുക്കുന്നതായാൽ അവരുടെ ടർഘാസ്സുകൾ മറുള്ള ജാതിക്കാരുടേതുപോലെ തന്നെ യാതൊരു വ്യത്യാസവും കൂടാതെ നോക്കുന്നതാണ്. അധഃകൃതസംരക്ഷണ ഡിപ്പാർട്ട്മെൻറിൽ ഉണ്ടാകുന്ന ഇത്തരം പണികൾ നിവൃത്തിയുള്ളിടത്തോളം അധഃകൃതരെ തന്നെ ഏല്പിക്കുന്നതിനു് ഉത്തരവും അയച്ചിട്ടുണ്ട്.

Paths in the Mulavukad, etc., villages.

424. മിസ്റ്റർ കെ. പി. വള്ളോൻ.—കണയന്നൂർ താലൂക്കിൽപ്പെട്ട മുളവുകാട്, പനമ്പുകാട്, നെടുങ്ങാട് എന്നീ സ്ഥലങ്ങളിലുള്ള ശവമ്മെൻറ വഴികൾ ഗതാഗത സൌകര്യാർത്ഥം കല്ലിട്ട തല്ലിനന്നാക്കാത്തത് എന്തുകൊണ്ടാകുന്നു?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—വണ്ടികൾ ഉപയോഗിയ്ക്കുന്ന വഴികൾ മാത്രമേ കല്ലിട്ടു ടച്ചിട്ടാവശ്യമുള്ളു. പനമ്പുകാട്, മുളവുകാട്, എന്നു പറഞ്ഞ സ്ഥലങ്ങൾ ചെറിയ ദ്വീപു

LIBRARY ARCHIVES Kerala Legislative Assembly

കളായിരിക്കെ ആ ടിക്കുകളിൽ വണ്ടികൾ ഉപയോഗത്തിൽ വരുവാൻ പ്രയാസം. നടക്കുവാൻ മാത്രം ഉതകുന്ന വഴികൾ അവിടങ്ങളിൽ ഉണ്ടാക്കിവരുന്നുണ്ട്".

Bridge—Nedungad.

425. മിസ്റ്റർ കെ. പി. വള്ളോൻ.—നെടുങ്ങാടിനും, വലിയവട്ടത്തിനും മദ്ധ്യേയുള്ള തോട്ടിൽ ഗതാഗതം ചെയ്യുവാൻ ഏറെറവും അസൌകര്യമാകയാൽ ടി സ്ഥലത്ത് ഒരു പാലമിട്ടു കൊടുക്കുവാൻ ബഹുമാനപ്പെട്ട ഗവൺമെൻറ് ആലോചിക്കാത്തതു് എന്തുകൊണ്ടു്?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—അങ്ങിനെ ഒരു പാലം വേണമെന്നു് ഇതുവരെ ആരും തന്നെ ഗവൺമെൻറിനോടു് അപേക്ഷിച്ചിട്ടില്ല.

Stipend to volunteers—Depressed Class—Printing Department.

426. മിസ്റ്റർ കെ. പി. വള്ളോൻ.— പ്രിൻറിംഗ് ഡിപ്പാർട്ടുമെൻറിൽ വാളൻറിയർമാരായി ചേർന്നിട്ടുള്ള അധഃകൃതക്കു് സ്റ്റൈപ്പൻറ് കൊടുക്കാതിരിയ്ക്കുന്നതിനുള്ള കാരണമെന്തു്?

മിസ്റ്റർ ടി. എസ്സ്. രേഷയ്യർ.—രൂളിൻപ്രകാരം വാളണ്ടിയർമാർക്കു് സ്റ്റൈപ്പൻറ് കൊടുക്കുന്നതിനു് അനുവാദം ഇല്ലാത്തതുകൊണ്ടു്.

Primary Education Committee.

427. **Mr. T. A. Ramachandra Ayyar.**—(1) Will the Government be pleased to place on the table a copy of the letter of the Director of Public Instruction requesting for the appointment of a Committee referred to in order C. No. 3297/1106 of the Government, dated 29th December 1931;

(2) what are the qualifications of the members of the Committee to be selected for the same;

(3) were any of the members of the Committee in touch with primary education or of the pupils of primary schools; if so, how long and in what capacity;

(4) whether all the members of the Committee are Cochinites; if not, why was a non-Cochinite selected;

(5) when and under what circumstances did Mr. Raghavan Nayar come to Cochin;

(6) whether Mr. Raghavan Nayar was writing articles in the Gomathi supporting and praising the Government and the Director specially in connection with the transfer of the Maharaja's College?

LIBRARY ARCHIVES Kerala Legislative Assembly